www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# സെൻസസ്: സെൽഫ് എന്യുമറേഷൻ ജൂൺ 16 മുതൽ

**തിരുവനന്തപുരം:** സെൻസസ് -2027ന്റെ ആദ്യഘട്ടമായ സെൽഫ് എന്യുമറേഷൻ ജൂൺ 16ന് ആരംഭിക്കും. സെൻസസിൽ നൽകേണ്ട വിവരങ്ങൾ കുടുംബങ്ങൾ സ്വന്തമായി നേരിട്ട് ഓൺലൈനിൽ രേഖപ്പെടുത്തുന്ന നടപടിയാണ് സെൽഫ് എന്യുമറേഷൻ. https://se.census.gov.in/ എന്ന പോർട്ടലിൽ ജൂൺ 16 മുതൽ 30 വരെ ഇതിന് സൗകര്യമുണ്ടായിരിക്കും.




സെൻസസ് നടപടികൾക്ക് വേഗം കൂട്ടുന്നതിനും എന്യുമറേറ്റർമാരുടെ ജോലി ലഘൂകരിക്കുന്നതിനും വിവരങ്ങൾ കൃത്യമെന്ന് ഉറപ്പാക്കുന്നതിനും സെൽഫ് എന്യുമേറഷൻ സഹായകമാകും. വീടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് സെൽഫ് എന്യൂമറേഷനിലൂടെ നൽകാൻ കഴിയുക. 34 ചോദ്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഇംഗ്ലീഷിലും 15 ഇന്ത്യൻ ഭാഷകളിലും വിവരങ്ങൾ രേഖപ്പെടുത്താനാകും.

https://se.census.gov.in സന്ദർശിച്ച് സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം തിരഞ്ഞെടുക്കുക, ക്യാപ്ച നൽകിയശേഷം കുടുംബരജിസ്ട്രേഷൻ എന്നതിൽ ക്ലിക്ക് ചെയ്ത് കുടുംബനാഥന്റെ/നാഥയുടെ പേര്, 10 അക്ക മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി (നിർബന്ധമല്ല) എന്നിവ നൽകുക. കുടുംബനാഥന്റെ/നാഥയുടെ പേര് പിന്നീട് മാറ്റാൻ കഴിയുന്നതല്ല. ഒരു കുടുംബത്തിന് ഒരു മൊബൈൽ നമ്പർ മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളു; ഒരിക്കൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, അതേ നമ്പർ മറ്റ് കുടുംബങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്നതല്ല. ഇഷ്ടപ്പെട്ട ഭാഷ തിരഞ്ഞെടുക്കുക, കൂടാതെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് അയച്ച ഒ.ടി.പി നൽകുക. തിരഞ്ഞെടുത്ത ഭാഷ പിന്നീട് മാറ്റാൻ സാധിക്കുകയില്ല. ജില്ല തിരഞ്ഞെടുക്കുക, കൂടാതെ പിൻ, വില്ലേജ്/ടൗൺ/സ്ഥലം എന്നിവ നൽകുക. നിങ്ങളുടെ താമസസ്ഥലം മാപ്പിൽ കണ്ടെത്തുക. കൃത്യമായ താമസ സ്ഥലം തിരിച്ചറിയുന്നതിനും ലൊക്കേഷൻ സ്ഥിരീകരിക്കുന്നതിനുമായി മാപ്പിലെ ചുവന്ന അടയാളം ചലിപ്പിക്കുക.

ടൂൾടിപ്പുകൾ, പതിവു ചോദ്യങ്ങൾ, 'അത്യാവശ്യ വിവരങ്ങൾ' എന്നിവയുടെ സഹായത്തോടെ വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസിനുമുള്ള ചോദ്യാവലി പൂരിപ്പിക്കുക. പരിശോധിക്കാൻ നൽകിയിട്ടുള്ള എല്ലാ വിവരങ്ങളും പരിശോധിക്കാൻ പ്രിവ്യൂ സ്ക്രീൻ ഉപയോഗിക്കുക; എൻട്രികളിൽ മാറ്റം വരുത്താനോ, പിന്നീട് സമർപ്പിക്കുന്നതിനായി ഡ്രാഫ്റ്റ് ആയി സേവ് ചെയ്യുവാനോ അല്ലെങ്കിൽ ഫൈനൽ ആയി സബ്മിറ്റ് ചെയ്യുവാനോ സാധിക്കുന്നതാണ്.

വിവരങ്ങൾ സമർപ്പിക്കുന്നതിന് 'അന്തിമ സമർപ്പണം' ക്ലിക്ക് ചെയ്യുക; അന്തിമ സമർപ്പണത്തിന് ശേഷം മാറ്റങ്ങൾ വരുത്താൻ കഴിയുകയില്ല. വിവരങ്ങൾ സമർപ്പിച്ചു കഴിയുമ്പോൾ, 'H' എന്ന് തുടങ്ങുന്ന 11 അക്കങ്ങളുള്ള ഒരു പ്രത്യേക എസ് ഇ ഐഡി സൃഷ്ടിക്കപ്പെടുകയും അത് എസ്.എം.എസ്, ഇ-മെയിൽ (നൽകിയിട്ടുണ്ടെങ്കിൽ) എന്നിവ വഴി ലഭിക്കുകയും ചെയ്യും.


എന്യുമറേറ്റർ വീട് സന്ദർശിക്കുമ്പോൾ, എസ് ഇ ഐഡി അവരുമായി പങ്കുവെക്കുക. എസ് ഇ ഐഡി നിലവിലുള്ള ഒരു റെക്കോർഡുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ, വിവരങ്ങൾ സ്ഥിരീകരിച്ച് സമർപ്പിക്കുന്നു; പൊരുത്തപ്പെടുന്നില്ലെങ്കിൽ, എന്യൂമറേറ്റർ വിവരങ്ങൾ പുതിയതായി ശേഖരിക്കും.

ഒരു ലോഗിനിൽ തന്നെ ഒരേ വീട്ടിലുള്ള എല്ലാവരുടെയും വിവരങ്ങൾ നൽകാം. സെൽഫ് എന്യുമറേഷൻ ഇടയ്ക്കുവച്ച് നിർത്തേണ്ടി വന്നാൽ സേവ് ചെയ്തശേഷം പിന്നീട് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാനുമാകും. സെൽഫ് എന്യുമറേഷൻ നടത്തുമ്പോൾ സഹായത്തിന് പോർട്ടലിൽ ടൂൾ ടിപ്പുകളുമുണ്ടാകും.

സെൻസിന്റെ ഭാഗമായി നൽകുന്ന വിവരങ്ങളുടെ രഹസ്യാത്മകത ഉറപ്പാക്കിയിട്ടുണ്ട്. സുരക്ഷിത സെർവറുകളിൽ എൻക്രിപ്റ്റഡ് ഫോർമാറ്റിൽ സൂക്ഷിക്കുന്ന ഈ ഡാറ്റ കൈമാറ്റം ചെയ്യുന്നതല്ലെന്ന് രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണറുടെ കാര്യാലയം അറിയിച്ചിട്ടുണ്ട്.

# എച്ച്1 എൻ1 ജാഗ്രത പാലിക്കണമെന്ന്

**കൊച്ചി:** എച്ച് വൺ എൻ വൺ സംശയിക്കുന്ന കേസുകൾ ജില്ലയിൽ ചില പ്രദേശങ്ങളിൽ കണ്ടുവരുന്ന സാഹചര്യത്തിൽ പൊതു ജനങ്ങൾ താഴെ പറയുന്ന കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഇൻഫ്ളുവൻസ വൈറസ് മൂലം ഉണ്ടാകുന്ന ഒരു പകർച്ച പനിയാണ് H1N1. രോഗബാധയുള്ളവർ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും പുറത്തുവരുന്ന കണികകളിലൂടെ വായുവിലൂടെയും, ഇവ പതിച്ച പ്രതലങ്ങൾ, വസ്തുക്കൾ സ്പർശിക്കുന്നതിലൂടെയും രോഗം മറ്റുള്ളവരിലേക്ക് പകരുന്നു. പനി, ചുമ, തുമ്മൽ, മൂക്കൊലിപ്പ്, തൊണ്ടവേദന തുടങ്ങിയവയാണ് പ്രാരംഭ ലക്ഷണങ്ങൾ. രോഗ ലക്ഷണങ്ങൾ തുടക്കത്തിലെ തിരിച്ചറിഞ്ഞ് ചികിത്സ തേടേണ്ടത് പ്രധാനമാണ്. പനി, ജലദോഷം തുടങ്ങിയ രോഗ ലക്ഷണങ്ങൾ ഉള്ളവർ കഴിവതും മറ്റുള്ളവരുമായി ഇടപഴകാതിരിക്കുക തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും മറയ്ക്കുക. സോപ്പ് / സാനിറ്റൈസർ ഉപയോഗിച്ച് കൈ കഴുകുന്നത് ശീലമാക്കുക. സോപ്പിട്ടു കഴുകാത്ത കൈകൾ കൊണ്ട് കണ്ണ്, മൂക്ക്, വായ എന്നിവിടങ്ങളിൽ സ്പർശിക്കരുത്. പുറത്ത് പോയി വരുമ്പോഴും, സ്കൂളിൽ നിന്ന് തിരികെ എത്തുമ്പോഴും കൈകൾ സോപ്പിട്ട് കഴുകുക. രോഗലക്ഷണങ്ങളുള്ളവർ കഴിവതും പൊതു ഇടങ്ങളിൽ പോകാതിരിക്കുക. തിരക്കുള്ള ഇടങ്ങളിൽ പോകേണ്ടി വന്നാൽ മാസ്ക് ധരിക്കുക.



പൊതു ജനങ്ങളും ആശുപത്രികൾ, തിരക്കുള്ള സ്ഥലങ്ങൾ എന്നിവിടങ്ങൾ സന്ദർശിക്കുമ്പോഴും മാസ്ക് ധരിക്കുക പനിയുള്ളപ്പോൾ കുട്ടികളെ സ്കൂളുകൾ, ക്രഷുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വിടാതിരിക്കുക ഗർഭിണികൾ, അനുബന്ധ രോഗങ്ങൾ ഉള്ളവർ, ഗുരുതര രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ, അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് രോഗം ഗുരുതരമാകാൻ സാധ്യതയുള്ളതിനാൽ പനി ഉണ്ടായാൽ ഉടൻ ചികിത്സ തേടുക. പ്രതിരോധ ശീലങ്ങൾ പാലിക്കുക.




# മൺസൂൺ: ജലയാനങ്ങൾക്കുള്ള സുരക്ഷാ മുന്നറിയിപ്പ്

**തിരുവനന്തപുരം:** തെക്ക്-പടിഞ്ഞാറൻ മൺസൂൺ ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ ജലയാനങ്ങളുടെ ഉടമകളും ഓപ്പറേറ്റർമാരും ജീവനക്കാരും അതീവ ജാഗ്രത പുലർത്തണമെന്ന് കേരള മാരിടൈം ബോർഡ് അറിയിച്ചു. കനത്ത മഴ, ശക്തമായ കാറ്റ്, തിരമാലകൾ എന്നിവയുള്ളപ്പോൾ യാതൊരു കാരണവശാലും ജലയാനങ്ങൾ പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പോലീസ്, മറ്റ് ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ പുറപ്പെടുവിക്കുന്ന കാലാവസ്ഥാ മുന്നറിയിപ്പുകൾ കർശനമായി പാലിക്കണം, അടിയന്തര സാഹചര്യങ്ങളിൽ അതാത് ജില്ലാ കൺട്രോൾ റൂമിൽ വിവരമറിയിച്ച് സഹായം തേടണം. യാത്രാവേളയിൽ കാലാവസ്ഥ പ്രതികൂലമായാൽ എത്രയും വേഗം സുരക്ഷിതമായ തീരത്തേക്ക് മാറി സുരക്ഷ ഉറപ്പാക്കണം.

സർവ്വീസ് നടത്തുന്ന എല്ലാ ജലയാനങ്ങളിലും നിയമപ്രകാരം സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവേ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് എന്നിവ കർശനമായും ഉണ്ടായിരിക്കണം. സർവേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ലൈസൻസുള്ള ജീവനക്കാർ മാത്രമേ ജലയാനങ്ങൾ പ്രവർത്തിപ്പിക്കാൻ പാടുള്ളൂ. വാർഷിക സർവേ സർട്ടിഫിക്കറ്റിൽ അനുവദിച്ചിട്ടുള്ള പാസഞ്ചർ കപ്പാസിറ്റിയിൽ കൂടുതൽ യാത്രക്കാരെ ജലയാനങ്ങളിൽ കയറ്റുവാൻ പാടുള്ളതല്ല. ജീവൻരക്ഷാ ഉപകരണങ്ങളും അഗ്നിശമന ഉപകരണങ്ങളും അടിയന്തരമായി ഉപയോഗിക്കാൻ പാകത്തിൽ എപ്പോഴും പ്രവർത്തനസജ്ജമായി സൂക്ഷിക്കണം. യാത്രക്കാരുടെയും ജീവനക്കാരുടെയും ജലയാനത്തിന്റെയും സുരക്ഷ ഉറപ്പാക്കേണ്ടത് പ്രസ്തുത ജലയാനത്തിലെ മാസ്റ്റർ/സ്രാങ്കിന്റെയും ബോട്ടുടമയുടെയും പൂർണ്ണ ഉത്തരവാദിത്തമാണ്.

ഉൾനാടൻ ജലയാന നിയമം അനുശാസിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതും രജിസ്ട്രേഷൻ/സർവേ നടപടികൾ പൂർത്തിയാക്കാത്തതുമായ ജലയാനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും. യാത്രക്കാർ തങ്ങൾ സഞ്ചരിക്കുന്ന ജലയാനങ്ങളുടെ നിയമപരമായ സാധുത പരിശോധിക്കണം. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത ജലയാനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രജിസ്റ്ററിങ് അതോറിറ്റി (ആലപ്പുഴ പോർട്ട് ഓഫീസ്): ഫോൺ: 9188939953, ഇമെയിൽ: poalappuzha.port@kerala.gov.in, കേരള മാരിടൈം ബോർഡ് ഹെഡ് ഓഫീസ്: ഇമെയിൽ: ceo.kmb@kerala.gov.in, ഫോൺ: 0471-2910040 എന്നിവിടങ്ങളിൽ പരാതിപ്പെടാം.

# 2026 നാഷണൽ ഡിസെബിലിറ്റി അവാർഡ് : നോമിനേഷൻ നൽകാം

**കൊച്ചി:** കേന്ദ്ര ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നാഷണൽ ഡിസബിലിറ്റി അവാർഡ് 2026-മായി ബന്ധപ്പെട്ട നോമിനേഷൻ ക്ഷണിച്ചു. ഓരോ വിഭാഗത്തിലുമുള്ള അവാർഡുകൾക്കായി നിർദ്ദിഷ്ട മാനദണ്ഡ പ്രകാരം ഓൺലൈനായാണ് നോമിനേഷൻ നൽകണം. നോമിനേഷൻ ലഭ്യമാക്കേണ്ട അവസാന തീയതി ജൂലായ് 31 ആണ്. കൂടുതൽ വിവരങ്ങൾക്ക്: www.awards.gov.in.

## ഇന്നത്തെ പരിപാടി

### കൊച്ചി

- **ജെയിൻ യൂണിവേഴ്സിറ്റി :** സ്കൂൾ ഓഫ് ഡിസൈൻ, മീഡിയ ആൻഡ് ക്രിയേറ്റീവ് ആർട്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡിസൈൻ വേഴ്സ് 2026 ദ്വിദിന പ്രദർശന മേള രാവിലെ 11ന്.
- **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ഗാനമേള ആലാപ് വൈകിട്ട് 6.ന്
- **കണ്ണുകുന്നത്ത് ആശ്രമ ദേവാലയത്തിൽ:** ഫാ. ജോർജ് നെല്ലിശ്ശേരി അനുസ്മരണം, വൈകിട്ട് 4 ന്

# പി.എം. സൂര്യ ഘർ പദ്ധതി: ദേശീയതലത്തിൽ തിളങ്ങി ജില്ല

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ 'പി.എം. സൂര്യ ഘർ: മുഫ്ത് ബിജ്‌ലി' (സൗജന്യ വൈദ്യുതി) പദ്ധതി നടപ്പിലാക്കിയതിൽ ജില്ലക്ക് മികച്ച നേട്ടം. പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച ജില്ലകളുടെ പട്ടികയിൽ രാജ്യത്ത് എട്ടാം സ്ഥാനത്താണ് എറണാകുളം.

ജില്ലയിൽ 42843 വീടുകളിലാണ് റൂഫ് ടോപ് സോളാർ പാനലുകൾ ഘടിപ്പിച്ചിട്ടുള്ളത്.

ന്യൂഡൽഹിയിലെ അടൽ അക്ഷയ് ഊർജ്ജ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്ര പുനരുപയോഗ ഊർജ മന്ത്രി പ്രഹ്ലാദ് ജോഷിയിൽ നിന്നും എറണാകുളത്തെ പ്രതിനിധീകരിച്ച് ജില്ലാ കളക്ടർ ജി. പ്രിയങ്ക ദേശീയ പുരസ്കാരം ഏറ്റുവാങ്ങി.

ഏറ്റവും കൂടുതൽ സോളാർ പാനലുകൾ സ്ഥാപിച്ച സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ദേശീയതലത്തിൽ നാലാം സ്ഥാനത്താണ്. ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർ പ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.



*ജില്ലാ കളക്ടർ ജി പ്രിയങ്ക കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രഹ്ലാദ് ജോഷിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.*

# ലോക പരിസ്ഥിതി ദിനം ആചരിച്ചു



**കൊച്ചി:** ലോക പരിസ്ഥിതി ദിനത്തിൽ ജില്ലാ പോലീസ് ആസ്ഥാനത്ത് ആലുവ തോട്ടുമുഖം കെയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ 17 കുട്ടികളോടപ്പമാണ് ജില്ലാ പോലീസ് മേധാവി കെ.എസ് സുദർശൻ ഫല വൃക്ഷത്തെ നട്ടത്.

പരിസ്ഥിതി ദിനത്തെ ഓർമപ്പെടുത്തിക്കൊണ്ടുള്ള പ്ലക്കാർഡുകളുമായാണ് ഡയറക്ടർ ഡോ പി എ മേരി അനിതയുടെ നേതൃത്വത്തിൽ കുട്ടികളും അധ്യാപകരും എത്തിയത്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വിനോദ് വി മാത്യുവും തൈ നട്ടു. കുട്ടികൾക്ക് 'എസ്.പി മധുര പലഹാരം വിതരണം ചെയ്തു.

## കുറ്റകൃത്യ നിയന്ത്രണത്തിന് 'ഹോക്ക്' സോഫ്റ്റ്‌വെയറുമായി വനം വകുപ്പ്

**കൊച്ചി:** വനംവകുപ്പിലെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഡിസ്ട്രിക്റ്റ് കോർട്ട് മാനേജ്മെന്റ് സിസ്റ്റം (DCMS) വഴി നേരിട്ട് ഓൺലൈനായി കോടതികളിൽ സമർപ്പിക്കാനുള്ള പുതിയ സംവിധാനം കേരള വനംവകുപ്പ് ഒരുക്കി. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത 'ഹോക്ക്' (Hostile Activity Watch Kernel - HAWK) പ്ലാറ്റ്ഫോം ഉപയോഗിച്ചാണ് സംവിധാനം പ്രവർത്തിക്കുക. കുറ്റകൃത്യ നിയന്ത്രണം, വന്യജീവി മരണങ്ങളുടെ നിരീക്ഷണം, ഡാറ്റാ അനലിറ്റിക്സ്, ജിയോസ്പേഷ്യൽ അനാലിസിസ്, മൊബൈൽ ആപ്ലിക്കേഷനുകൾ, കമാൻഡ് ആൻഡ് കൺട്രോൾ മോണിറ്ററിംഗ് തുടങ്ങി നിരവധി മോഡ്യൂളുകൾ സംയോജിപ്പിച്ച സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഹോക്ക്.

വനംവകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ തത്സമയ നിരീക്ഷണത്തിനും ഈ സംവിധാനം സഹായകരമാകുമെന്ന് വകുപ്പ് അറിയിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോക്ക് സോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയ്തിരിക്കുന്നത്. പുതിയ സംവിധാനത്തിലൂടെ കോടതികളിലേക്കുള്ള രേഖാ സമർപ്പണ നടപടികൾ കൂടുതൽ വേഗത്തിലും സുതാര്യമായും നടത്താനാകുമെന്നും വനംവകുപ്പ് വ്യക്തമാക്കി.

# ഫിഷറീസ് വിദ്യാലയങ്ങളിൽ പുതുയുഗം: മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ

## *ഫിഷറീസ് സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നു

**കൊച്ചി:** തീരദേശ സ്കൂളുകളുടെ ഉന്നമനത്തിനായി സർക്കാർ പൂർണ്ണമായ ഒരു മാറ്റമാണ് ആഗ്രഹിക്കുന്നതെന്ന് മത്സ്യബന്ധന, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പ് മന്ത്രി വി. ഇ. അബ്ദുൾ ഗഫൂർ പറഞ്ഞു. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിലെ 2026-27 അധ്യയന വർഷത്തെ സംസ്ഥാനതല പ്രവേശനോത്സവം എറണാകുളം തേവര ജി.ആർ.എഫ്.റ്റി.എച്ച്.എസിൽ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫിഷറീസ് സ്കൂളുകളുടെ വികസനത്തിന് പുതിയ സർക്കാർ അതീവ പ്രാധാന്യം നൽകുന്നുണ്ട്. കുട്ടികളുടെ വലിയ മാറ്റത്തിന്റെ സമയമായ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ അവർക്ക് ആവശ്യമായ എല്ലാ പിന്തുണയും സൗകര്യങ്ങളും ഒരുക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നും പുതിയ അധ്യയനവർഷത്തിലേക്ക് പ്രവേശിച്ച വിദ്യാർത്ഥികൾക്ക് ആശംസകൾ നേർന്നുകൊണ്ട് മന്ത്രി കൂട്ടിച്ചേർത്തു.

തുടർന്ന് പത്താം ക്ലാസ്, വി എച്ച് എസ് സി പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള പുരസ്കാര വിതരണവും ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഭൂമിയെയും പ്രകൃതിയെയും ഹരിതാഭമായി നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈ വിതരണവും മന്ത്രി നിർവഹിച്ചു.


*ഗവൺമന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കുളുകളുട സംസ്ഥാനതല പ്രവേശനോത്സവം നിർവഹിക്കാൻ എത്തിയ മത്സ്യബന്ധന, ഹാർബർ എഞ്ചിനീയറിംഗ്, സാമൂഹ്യനീതി വകുപ്പ് മന്ത്രി .വി. ഇ. അബ്ദുൾ ഗഫൂർ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ കൈമാറുന്നു.*

കേരളത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി 9 തീരദേശ ജില്ലകളിലായി 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളാണ് (ജി. ആർ. എഫ്. റ്റി. എച്ച്. എസ്.) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത്. 8 മുതൽ 10 വരെ ഉള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ - വിദ്യാഭ്യാസം, ഹോസ്റ്റൽ, ഭക്ഷണം, യൂണിഫോം, പാഠപുസ്തകങ്ങൾ എന്നിവയ്ക്ക് പുറമേ ഇംഗ്ലീഷ് വിഷയത്തിൽ പ്രാവീണ്യം നേടുന്നതിനും കുട്ടികളുടെ കലാ/സാഹിത്യ/കായിക രംഗങ്ങളിലെ പ്രതിഭ തെളിയിക്കുന്നതിനും പ്രത്യേക പരിശീലനവും സൗജന്യ വിമാന യാത്ര ഉൾപ്പടെ ഉള്ള സ്റ്റഡി ടൂറും ഈ സ്കൂളുകളിലൂടെ ലഭ്യമാക്കുന്നുണ്ട്.

2026-27 അധ്യയന വർഷം മുതൽ മത്സ്യബന്ധന അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസികാരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നത്തിന് കൗൺസിലർമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തിലെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസവും മികച്ച ജീവിതസാഹചര്യങ്ങളും ഉറപ്പുവരുത്തി മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ ജി. ആർ. എഫ്. റ്റി. എച്ച്. എസ്. കൾ നടത്തുന്നത് ചടങ്ങിൽ കൊച്ചി കോർപ്പറേഷൻ കൗൺസിലർ എലിസബത്ത് അധ്യക്ഷയായി.ഫിഷറീസ് മധ്യമേഖല ജോയിൻറ് ഡയറക്ടർ ഡോ ആശാ അഗസ്റ്റിൻ റിപ്പോർട്ട് അവതരിപ്പിച്ചു.

മത്സ്യബന്ധന വകുപ്പ് ഡയറക്ടർ വി ചെൽസാസിനി , ഫിഷറീസ് മേഖല ഡെപ്യൂട്ടി ഡയറക്ടർ വി സിന്ധു, ജി. ആർ. എഫ്. റ്റി. എച്ച്. എസ്. ഹെഡ്മിസ്ട്രസ്സ് വി. ബി.റോസ്മേരി, വി. എച്ച്. എസ്. ഇ പ്രിൻസിപ്പാൾ ഇൻചാർജ് റ്റി. എ. നിഷ രാജ്, പി റ്റി എ പ്രസിഡന്റ് ഫ്രാൻസിസ് സേവ്യർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാത്ഥികൾ എന്നിവർ പങ്കെടുത്തു.

## പുകയില നിയന്ത്രണ നിയമം

# വ്യാപക നടപടിയുമായി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്; 92,000 രൂപ പിഴ ഈടാക്കി

**കൊച്ചി:** സർക്കാരിന്റെ ലഹരി വിരുദ്ധ നയത്തിന്റെ ഭാഗമായി ജില്ലയിൽ പുകയില നിയന്ത്രണ നിയമം (COTPA) കർശനമായി നടപ്പാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസ്, എക്സൈസ്, പോലീസ് വകുപ്പുകളുടെ നേതൃത്വത്തിൽ ജില്ലാ പുകയില നിയന്ത്രണ കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം സംയുക്ത പരിശോധന നടത്തി.

450-ഓളം കടകളിലും, പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തോടനുബന്ധിച്ച് 160 സ്കൂളുകളുടെ പരിസരങ്ങളിലുമായി നടത്തിയ വ്യാപക പരിശോധനയിൽ നിയമലംഘകർക്കെതിരെ 92,000 രൂപ പിഴ ചുമത്തുകയും നൂറുകണക്കിന് അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യുകയും ചെയ്തു.

കൊച്ചി കോർപറേഷൻ പരിസരങ്ങളിൽ നടത്തിയ പ്രത്യേക പരിശോധനയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഷാഹിർഷാ നേതൃത്വം നൽകി. കോർപറേഷൻ പരിധിയിലെ 32 കടകളിൽ നടത്തിയ പരിശോധനയിൽ 3,200 രൂപ പിഴ ഈടാക്കുകയും മുപ്പതോളം പുകയില പരസ്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. വരും ദിവസങ്ങളിലും പരിശോധന കർശനമായി തുടരുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

താലൂക്ക്-ജില്ലാ തലങ്ങളിൽ നടന്ന പരിശോധനകൾക്ക് ഡെപ്യൂട്ടി ഡി.എം.ഒ ഡോ. ആരതി കൃഷ്ണൻ, ടെക്നിക്കൽ അസിസ്റ്റന്റ് കെ.ടി സന്തോഷ്, ഹെൽത്ത് സൂപ്പർവൈസർ മുഹമ്മദ് ഹാഷിം എന്നിവരും, എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് സർക്കിൾ ഇൻസ്പെക്ടർ പ്രശാന്ത്, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ അക്ബർ, മട്ടാഞ്ചേരി സിവിൽ എക്സൈസ് ഓഫീസർമാരായ അരവിന്ദ്, അബ്ദുൽ സനദ് എന്നിവരും നേതൃത്വം നൽകി. പോലീസ് വകുപ്പിൽ നിന്ന് ജിമ്മി ജോസ്, ബെന്നി എന്നിവരും, കേരള വോളണ്ടറി ഹെൽത്ത് സർവീസ് എക്സിക്യൂട്ടീവ് ഡയറക്ടർ സജു ഇട്ടി, പ്രോഗ്രാം ഓഫീസർ ഷീബ, നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഓഫീസർ നിഷ എന്നിവരും വിവിധയിടങ്ങളിലെ സ്ക്വാഡ് പരിശോധനകളിൽ പങ്കാളികളായി. ജില്ലയിലുടനീളമുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഹെൽത്ത് സൂപ്പർവൈസർമാരും, ഹെൽത്ത് ഇൻസ്പെക്ടർമാരും, പ്രദേശത്തെ എക്സൈസ്, പോലീസ്, തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ സഹകരണത്തോടെ സംയുക്ത പരിശോധന നടത്തി.

എല്ലാ സ്ഥാപനങ്ങളുടെയും മുൻഭാഗത്ത് 'പുകവലി വിമുക്ത മേഖല, ഇവിടെ പുകവലി ശിക്ഷാർഹം' എന്ന ബോർഡ് വ്യക്തമായി പ്രദർശിപ്പിക്കണം. ബോർഡ് സ്ഥാപിക്കാത്തവർക്കെതിരെ 200 രൂപ പിഴ ഈടാക്കും.

സ്ഥാപനങ്ങളുടെ മുൻഭാഗത്ത് മറ്റുള്ളവർ പുകവലിക്കുന്നത് തടയാൻ ഉടമസ്ഥർ ബാധ്യസ്ഥരാണെന്നും ഇതിൽ പരാജയപ്പെടുന്ന ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും ചെയ്യും.

പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്ന കടകളിൽ നിയമപരമായ നിർദ്ദിഷ്ട മുന്നറിയിപ്പ് ബോർഡുകൾ മാത്രമേ പാടുള്ളൂ. കമ്പനികളുടെ പരസ്യം, ബ്രാൻഡ് പേര്, ചിഹ്നം, വില തുടങ്ങിയവ പ്രദർശിപ്പിച്ചാൽ 2 മുതൽ 5 വർഷം വരെ തടവോ 1000 മുതൽ 5000 രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. 18 വയസ്സിൽ താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് കടുത്ത ശിക്ഷാർഹമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 91.2 മീറ്റർ (100 വാര) ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് പൂർണ്ണമായി നിരോധിച്ചിരിക്കുന്നു.

## അമോണിയ വാതക ചോർച്ച: ആശുപത്രിയിൽ പ്രവേശിപ്പിച്ചവരെ എം.എൽ.എ സന്ദർശിച്ചു

**മുനമ്പം:** മുനമ്പം മിനി ഫിഷറീസ് ഹാർബറിന് തെക്കുവശം മാർക്കറ്റ് റോഡിലുള്ള ഐസ് പ്ലാന്റിൽ നിന്ന് അമോണിയ വാതകം ചോർന്നതിനെ തുടർന്ന് ഒരു കുടുംബത്തിലെ 15 പേരെ പള്ളിപ്പുറം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചു.

ഇന്നലെ രാവിലെ 10 മണിക്ക് ശേഷമാണ് സംഭവം. ഐസ് പ്ലാന്റിൽ നിന്നുള്ള അമോണിയ വാതകം സമീപ പ്രദേശങ്ങളിലേക്ക് വ്യാപിച്ചതിനെ തുടർന്നാണ് കുടുംബാംഗങ്ങൾക്ക് ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ടത്. തുടർന്ന് ഇവരെ ചികിത്സയ്ക്കായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുകയായിരുന്നു.

വിവരമറിഞ്ഞെത്തിയ വൈപ്പിൻ എം.എൽ.എ ടോണി ചമ്മിണി ആശുപത്രിയിലെത്തി ചികിത്സയിൽ കഴിയുന്നവരെ സന്ദർശിക്കുകയും ആരോഗ്യനില വിലയിരുത്തുകയും ചെയ്തു. ആവശ്യമായ എല്ലാ ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അദ്ദേഹം നിർദേശം നൽകി.

പഞ്ചായത്ത് അംഗം പ്രശീല ബാബു, ബ്ലോക്ക് പഞ്ചായത്ത് അംഗം ദീപ ജസ്റ്റിൻ എന്നിവർ എം.എൽ.എയോടൊപ്പം ഉണ്ടായിരുന്നു.



## പരീക്ഷാ സമയം തിരഞ്ഞെടുക്കാം

**കൊച്ചി:** കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്) കമ്പ്യൂട്ടർ (വേർഡ് പ്രോസ്സസിംഗ്) പരീക്ഷ ജൂലൈ 13 മുതൽ എൽ.ബി.എസിന്റെ കേരളത്തിലെ വിവിധ സെന്ററുകളിൽ നടത്തും. പരീക്ഷയിൽ പങ്കെടുക്കുന്നതിനായി അപേക്ഷ നൽകിയിട്ടുള്ള പരീക്ഷാർത്ഥികൾക്ക് www.lbscentre.kerala.gov.in se KGTE2026 ലിങ്കിലൂടെ ഓൺലൈനായി ഫീസടച്ച് സ്വീകാര്യമായ പരീക്ഷാസമയവും, തീയതിയും തിരഞ്ഞെടുക്കാം. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമങ്ങളിൽ ഏതെങ്കിലുമൊന്ന് തിരഞ്ഞെടുക്കുന്നവർക്ക് മാത്രമേ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. ഇത്തരത്തിൽ സമയക്രമം സെലക്ട് ചെയ്തവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് ലഭിക്കും. രജിസ്ട്രേഷൻ സ്ലിപ്പും പരീക്ഷാഭവനിൽ നിന്നും ലഭിച്ച ഹാൾടിക്കറ്റും പരീക്ഷാസമയത്ത് ഹാജരാക്കണം.

# ഹോട്ടൽ മേഖലയ്ക്കായി വനിതാ തൊഴിൽകൂട്ടായ്മകളും കോമൺ കിച്ചണുകളും സൃഷ്ടിക്കണം: കേന്ദ്രമന്ത്രി സുരേഷ്ഗോപി

**കൊച്ചി :** സംസ്ഥാനത്തെ ഹോട്ടൽ-ടൂറിസം മേഖല നേരിടുന്ന രൂക്ഷമായ തൊഴിലാളിക്ഷാമം സംബന്ധിച്ച് കേന്ദ്ര ടൂറിസം പെട്രോളിയം സഹമന്ത്രി സുരേഷ്ഗോപിയും കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികളും ചർച്ച നടത്തി. തൊഴിലാളിക്ഷാമം പരിഹരിക്കുവാൻ ഹോട്ടൽ മേഖലയ്ക്കായി മാത്രം സംഘടന മുൻകയ്യെടുത്ത് വനിതാ തൊഴിൽകൂട്ടായ്മകൾ സൃഷ്ടിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. തൊഴിലാളികളുടെ ലഭ്യതക്കുറവ് ഹോട്ടൽ മേഖലയേയും ടൂറിസം മേഖലയേയും ഗുരുതരമായി ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്വന്തം സംസ്ഥാനങ്ങളിലേക്ക് മടങ്ങിയ ഇതര സംസ്ഥാന തൊഴിലാളികൾ തിരിച്ചെത്തുവാൻ സാധ്യത കുറവാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ പ്രാദേശിക തലത്തിൽ കൂടുതൽ സ്തീകൾക്ക് ഹോട്ടൽ, റസ്റ്റോറന്റ് ഹോസ്പിറ്റാലിറ്റി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിനായി ഹോട്ടൽ മേഖലയ്ക്കായി മാത്രം വനിത തൊഴിൽകൂട്ടായ്മകൾ സൃഷ്ടിക്കണമെന്നും, പരമാവധി കോമൺ കിച്ചണുകൾ ആരംഭിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. സംസ്ഥാന സർക്കാരിന്റേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ വനിതകളെ പരിശീലിപ്പിച്ച് ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലയിലേക്ക് കൊണ്ടുവരുന്ന പദ്ധതി കെ.എച്ച്.ആർ.എ. ആരംഭിക്കണമെന്നും, ഇതിനാവശ്യമായ എല്ലാപിന്തുണയും നൽകാമെന്നും മന്ത്രി അറിയിച്ചു. ഇത്തരം സംരംഭം കേരളത്തിലെ തൊഴിലാളിക്ഷാമത്തിന് ഫലപ്രദമായ പരിഹാരമാകുമെന്നും, വനിതാ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതിന് സഹായകരമാകുമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.




*കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്ന മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ ക്യാമ്പയിന്റെ പോസ്റ്റർ പ്രകാശനം എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ കേന്ദ്ര ടൂറിസം, പെട്രോളിയം സഹമന്ത്രി സുരേഷ്ഗോപി നിർവഹിക്കുന്നു. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ, വർക്കിംഗ് പ്രസിഡന്റ് അസീസ് മൂസ, എറണാകുളം ജില്ലാ സെക്രട്ടറി കെ.ടി.റഹിം എന്നിവർ സമീപം.*

ഇതിനുവേണ്ട പിന്തുണ നൽകുവാൻ സംസ്ഥാനസർക്കാരിനോട് മന്ത്രി അഭ്യർത്ഥിക്കുമെന്നും, പദ്ധതി ആരംഭിച്ചാൽ സാധ്യമായ എല്ലാ പിന്തുണയും സഹകരണവും നൽകുമെന്നും അദ്ദേഹം ഉറപ്പ് നൽകി.

കേന്ദ്രമന്ത്രിയുടെ നിർദ്ദേശം സ്വാഗതാർഹമാണെന്നും, അടുത്തയാഴ്ച നടക്കുന്ന സംസ്ഥാന എക്സിക്യൂട്ടീവ് യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്ത് നടപ്പിലാക്കുന്നതാണെന്ന് സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ അറിയിച്ചു. ചർച്ചയിൽ പ്രസിഡന്റിന് പുറമെ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് അസീസ് മൂസ, എറണാകുളം ജില്ലോ സെക്രട്ടറി കെ. ടി. റഹിം തുടങ്ങിയവരും പങ്കെടുത്തു.

# ഷാഹിദ് കപൂറിനൊപ്പം വോഗ് ഐവെയറിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി കൃതി സനോൺ




**കൊച്ചി:** വോഗ് ഐവെയർ ദേശീയ അവാർഡ് ജേതാവായ നടി കൃതി സനോണിനെ പുതിയ വനിതാ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ബ്രാൻഡുമായി ദീർഘകാലമായി സഹകരിക്കുന്ന ഷാഹിദ് കപൂറിനൊപ്പം കൃതി സനോൺ ഇനി വോഗ് ഐവെയറിന്റെ മുഖമാകും. ഇതോടൊപ്പം, വ്യക്തിത്വം, ആത്മവിശ്വാസം, സ്വയംപ്രകടനം എന്നിവ ആഘോഷിക്കുന്ന "വോഗ് ഐവെയർ ജേർണി" എന്ന പുതിയ ക്യാംപെയ്നും ബ്രാൻഡ് അവതരിപ്പിച്ചു.

ജീവിതയാത്രയിൽ സ്വയം കണ്ടെത്തലും വ്യക്തിഗത ശൈലിയുടെ പരിണാമവും പ്രമേയമാക്കിയാണ് ക്യാംപെയ്ൻ ഒരുക്കിയിരിക്കുന്നത്. ഫാഷൻ ഒരു ട്രെൻഡിൽ ഒതുങ്ങുന്നതല്ലെന്നും അത് വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന ഒരു യാത്രയാണെന്നും ക്യാംപെയ്ൻ പറയുന്നു. സ്റ്റൈലിഷും വൈവിധ്യമാർന്നതുമായ ഡിസൈനുകൾ വഴി കണ്ണടയെ ഒരു പ്രധാന ഫാഷൻ ആക്സസറിയായി ഉയർത്തിക്കാട്ടുകയാണ് വോഗ് ഐവെയർ.

നെറ്റ്‌വർക്ക് അഡ്വർടൈസിംഗ് രൂപകൽപ്പന ചെയ്ത ഈ ക്യാംപെയ്ൻ എമ്മി നോമിനേറ്റഡ് സംവിധായകൻ സൂരജ് വാൻവാരി സംവിധാനം ചെയ്തതാണ്. പ്രശസ്ത ഫോട്ടോഗ്രാഫർ പ്രസാദ് നായികാണ് ചിത്രങ്ങൾ പകർത്തിയത്. ഡിജിറ്റൽ, സോഷ്യൽ മീഡിയ, പ്രിന്റ്, ഔട്ട്ഡോർ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ രാജ്യവ്യാപകമായി ക്യാംപെയ്ൻ പ്രദർശിപ്പിക്കും. വോഗ് ഐവെയർ ശേഖരം ഇന്ത്യയിലെ പ്രധാന സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും 3,000 രൂപ മുതൽ10,000 രൂപ വരെയുള്ള വിലയിൽ ലഭ്യമാണ്.

# ഇഗ്നൈറ്റ് 3.0 ലൂടെ ഐടി മേഖലയിൽ ഇന്റേൺഷിപ്പിന് അവസരം

**കൊച്ചി:** ടെക് കമ്പനികൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങൾ പോസ്റ്റ് ചെയ്യുന്നതിനും അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും തൊഴിൽപരിചയം ലഭിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഔദ്യോഗിക പ്ലാറ്റ് ഫോമായ ടെക് ഇന്റേൺഷിപ്പ് പോർട്ടൽ 'ഇഗ്നൈറ്റ് 3.0' ആരംഭിച്ചു. ഇതിലൂടെ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലെ ഐടി കമ്പനികൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്), കോഴിക്കോടിലെ ഐടി പ്രൊഫഷണലുകളുടെ സംഘടനയായ കാലിക്കറ്റ് ഫോറം ഫോർ ഐടി (കാഫിറ്റ്) എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ബിരുദധാരികൾക്ക് ഇന്റേൺഷിപ്പിന് അവസരങ്ങൾ ലഭിക്കും.

അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കും സൗജന്യമായി രജിസ്റ്റർ ചെയ്യാം. പ്രായപരിധി 25 വയസ്.

കമ്പനികൾക്കും ഉദ്യോഗാർത്ഥികൾക്കും പരസ്പരം കണ്ടെത്തുന്നതിനുള്ള പ്ലാറ്റ് ഫോമായിരിക്കും ഇഗ്നൈറ്റിലൂടെ കമ്പനികൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങൾ പോസ്റ്റ് ചെയ്യാനും ഉദ്യോഗാർത്ഥികൾക്ക് ഇന്റേൺഷിപ്പിനായി രജിസ്റ്റർ ചെയ്യാനുമാകും. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും: ignite.keralait.org, 0471 2700811/12/13.

# സങ്കീർണ ഹൃദ്രോഗ ചികിത്സയിലെ പുതിയ മുന്നേറ്റങ്ങൾ ചർച്ച ചെയ്ത് ഐ.ജെ.സി.ടി.ഒ സമ്മേളനം




*സങ്കീർണ ഹൃദ്രോഗ ചികിത്സയിലെ പുതിയ മുന്നേറ്റങ്ങൾ ചർച്ച ചെയ്യുന്ന ഇൻഡോ ജാപ്പനീസ് സി.ടി.ഒ ക്ലബ്ബിന്റെ (ഐ.ജെ.സി.ടി.ഒ 2026) ലൈവ് സമ്മിറ്റ് പത്മഭൂഷൺ ഡോ. എ.ബി. മേത്ത ഉദ്ഘാടനം ചെയ്യുന്നു . ഡോ. വി. സൂര്യപ്രകാശ റാവു, ഡോ. ഇശിറോ ഹമാനക,ഡോ. എൻ. പ്രതാപ് കുമാർ, ഡോ. എ.വി. ഗണേഷ് കുമാർ, ഡോ. മഞ്ജു പ്രതാപ് ,ഡോ.മനു രാജേന്ദ്രൻ, ഡോ. സുധീർ റാത്തോഡ്, ഡോ.ബ്ലെസിൻ ജിനോ, എന്നിവർ സമീപം.*

**തിരുവനന്തപുരം:** പൂർണമായി അടഞ്ഞതും, സങ്കീർണ്ണ പ്രശ്നങ്ങളുമുള്ള ഹൃദയധമനികൾ പുനഃസ്ഥാപിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകളും നടപടിക്രമങ്ങളും ശാസ്ത്ര മുന്നേറ്റങ്ങളും ചർച്ച ചെയ്യുന്ന ഇൻഡോ ജാപ്പനീസ് സി.ടി.ഒ ക്ലബ്ബിന്റെ (ഐ.ജെ.സി.ടി.ഒ 2026) 12ാമത് ലൈവ് സമ്മിറ്റ് കോവളത്തെ ലീല റാവിസിൽ ആരംഭിച്ചു.

ജസ്ലോക് ആശുപത്രിയിലെ മുതിർന്ന ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റും പത്മഭൂഷൺ ജേതാവുമായ ഡോ. എ.ബി. മേത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു.

പൂർണമായി അടഞ്ഞ ഹൃദയധമനികളുടെ ചികിത്സ കഴിഞ്ഞ പത്തുവർഷ കാലയളവിൽ വലിയ മാറ്റങ്ങൾക്ക് വിധേയമായതായി അദ്ദേഹം പറഞ്ഞു. "സങ്കീർണതകൾ മൂലം മുമ്പ് ബൈപാസ് ശസ്ത്രക്രിയ മാത്രം നടത്തിയിരുന്നവരെയും, കൃത്യമായ ചികിത്സ ലഭിക്കാതിരുന്നവരെയും ഇന്ന് നൂതന കത്തീറ്റർ ചികിത്സകളിലൂടെ വിജയകരമായി ചികിത്സിക്കാൻ കഴിയുന്നുണ്ട്. നൂതന സാങ്കേതിക വിദ്യകൾ വഴിയുള്ള ചികിത്സാരീതികൾ വിജയസാധ്യതയും രോഗി സുരക്ഷയും ഗണ്യമായി വർധിപ്പിച്ചിട്ടു്," ഡോ. എ.ബി. മേത്ത പറഞ്ഞു.

മെഡിട്രിന ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് സി.ഇ.ഒ ഡോ. മഞ്ജു പ്രതാപ് മുഖ്യാതിഥിയായി. ഓർഗനൈസിങ് സെക്രട്ടറിയും കോഴ്സ് ഡയറക്ടറുമായ ഡോ. എൻ. പ്രതാപ് കുമാറും കോഴ്സ് ഡയറക്ടർമാരായ ഡോ. എ.വി. ഗണേഷ് കുമാർ, ഡോ. വി. സൂര്യപ്രകാശ റാവു, ഡോ. ഇശിറോ ഹമാനക, ഡോ. സുധീർ റാത്തോഡ്, ഡോ.ബ്ലെസിൻ ജിനോ, ഡോ.മനു രാജേന്ദ്രൻ എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

ലോകത്തിലെ പ്രമുഖ സി.ടി.ഒ വിദഗ്ധരെ ഒരുമിച്ച് കൊണ്ടുവരുന്ന ആഗോള അക്കാദമിക് വേദിയാണ് സമ്മേളനമെന്ന് ഡോ. എൻ. പ്രതാപ് കുമാർ പറഞ്ഞു.

"അത്യാധുനിക ഗൈഡ് വയറുകൾ, പ്രത്യേക മൈക്രോകത്തീറ്ററുകൾ, രക്തക്കുഴലിനുള്ളിലെ ഇമേജിംഗ് സാങ്കേതിക വിദ്യകൾ, കാർഡിയാക് സി.ടി അധിഷ്ഠിത ചികിത്സാ ആസൂത്രണം എന്നിവ സങ്കീർണ ഹൃദയധമനി ചികിത്സകളിൽ വലിയ മുന്നേറ്റമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇതിലൂടെ കൂടുതൽ സങ്കീർണമായ കേസുകൾ പോലും കൂടുതൽ കൃത്യതയോടെയും സുരക്ഷിതമായും ചികിത്സിക്കാൻ സാധിക്കും, അദ്ദേഹം പറഞ്ഞു.

കഠിനമായ കാൽസ്യം ബ്ലോക്കുകളുള്ള രക്തക്കുഴലുകൾ, ദീർഘകാലമായി പൂർണമായി അടഞ്ഞ ധമനികൾ, ബൈപാസ് ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള രോഗാവസ്ഥകൾ, മുൻപ് ചികിത്സ പരാജയപ്പെട്ട കേസുകൾ എന്നിവയിലും ഇപ്പോൾ വിജയകരമായി ഇടപെടാൻ കഴിയുന്നു്. ഡോ. എൻ. പ്രതാപ് കുമാർ പറഞ്ഞു.

ഇന്ത്യ, ജപ്പാൻ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ പ്രമുഖ ചികിത്സാ കേന്ദ്രങ്ങളിൽ നിന്ന് തത്സമയം സംപ്രേഷണം ചെയ്യുന്ന പതിനഞ്ച് സങ്കീർണ ഹൃദയധമനി ചികിത്സാ നടപടികളാണ് സമ്മേളനത്തിന്റെ പ്രധാന ആകർഷണം. ഇന്ത്യയിൽ നിന്ന് ആറ്, ജപ്പാനിൽ നിന്ന് അഞ്ച്, യൂറോപ്പിൽ നിന്ന് മൂന്ന്, അമേരിക്കയിൽ നിന്ന് ഒന്ന് എന്നിങ്ങനെയാണ് ലൈവ് കേസുകൾ. ഇതിൽ മൂന്ന് ഇന്ത്യൻ കേസുകൾ കൊല്ലത്തെ മെഡിട്രിന ആശുപത്രിയിൽ നിന്നാണ് സംപ്രേഷണം ചെയ്യുന്നത്.

സമ്മേളനത്തിന്റെ ആദ്യ ദിവസം പൂർണമായി അടഞ്ഞ ഹൃദയധമനികൾ തുറക്കുന്നതിനുള്ള നൂതന കത്തീറ്റർ ചികിത്സാരീതികൾ, പ്രത്യേക ഗൈഡ് വയർ സാങ്കേതിക വിദ്യകൾ, മൈക്രോകത്തീറ്ററുകളുടെ ഉപയോഗം, ഇമേജിംഗ് സഹായത്തോടെയുള്ള ചികിത്സാരീതികൾ എന്നിവ സംബന്ധിച്ച ശാസ്ത്ര സെഷനുകളും ലൈവ് സെഷനുകളും നടന്നു.

വരുന്ന ദിവസങ്ങളിൽ ഐ.വി.യു.എസ് സഹായത്തോടെയുള്ള സി.ടി.ഒ ചികിത്സകൾ, ദീർഘകാലമായി അടഞ്ഞുകിടക്കുന്ന ഹൃദയധമനികളുടെ ചികിത്സ, കാർഡിയാക് സി.ടി അധിഷ്ഠിത ചികിത്സാ ആസൂത്രണം, ഹൃദയസ്തംഭനം, വൃക്കരോഗം, ബൈപാസ് ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള രോഗാവസ്ഥകൾ തുടങ്ങിയ സങ്കീർണ സാഹചര്യങ്ങളിലെ ചികിത്സാരീതികൾ എന്നിവ ചർച്ച ചെയ്യും. പരാജയപ്പെട്ട സി.ടി.ഒ ചികിത്സകൾ വീണ്ടും സുരക്ഷിതമായി നടത്തുന്നതിനുള്ള മാർഗങ്ങളും വിദഗ്ധർ അവതരിപ്പിക്കും.

ഇന്ത്യയിലെയും വിദേശത്തെയും 800-ലധികം ഹൃദ്രോഗ വിദഗ്ധരും ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. അമേരിക്ക, ജപ്പാൻ, ജർമ്മനി, ഇറ്റലി, ദക്ഷിണ കൊറിയ, മലേഷ്യ എന്നിവിടങ്ങളിലെ പ്രമുഖ സ്പെഷ്യാലിറ്റി ആശുപത്രികളിൽ നിന്നുള്ള വിദഗ്ധരാണ് ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകുന്നത്.

# ഐ.എച്ച്.എം.എ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ 2025–2026 വർഷത്തെ മികച്ച ജില്ലാ ഡോക്ടർമാർക്കുള്ള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



റാഷിദ ടി കെ എൻ. ഐ.എച്ച്.എം.എ സ്റ്റുഡന്റ് ഐക്കൺ അവാർഡ്



ഡോ. ആഷിഖ്. എമർജിങ് ഹോമിയോ പ്പതി അവാർഡ്



ഡോ അബ്ദുൽ ജലീൽ. ലൈഫ് ടൈം അച്ചിവ്മെന്റ് അവാർഡ്



ഡോ. ആയിഷ ഇ കെ. റിസേർച്ച് ഇൻ ഹോമിയോപ്പതി അവാർഡ്



ഡോ. മുഹമ്മദ് മുനീർ. മികച്ച ഗവണ്മെന്റ് ഡോക്ടർ അവാർഡ്



ഡോ. സുരേഷ് ബാബു. മികച്ച പ്രൈവറ്റ് പ്രാക്ടീഷണർ



ഡോ. സുഹൈൽ ഇ , ഡിജിറ്റൽ ഹോമിയോപ്പതി പ്രമോട്ടർ അവാർഡ്



ഡോ. വിനിത ദേവദാസ് . വിമൻ അച്ചീവർ ഇൻ ഹോമിയോപ്പതി അവാർഡ്

**കൊച്ചി:** ഐ.എച്ച്.എം.എ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ 2025–2026 വർഷത്തെ മികച്ച ജില്ലാ ഡോക്ടർമാർക്കുള്ള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു ജൂൺ 07 ഞായറാഴ്ച പൂക്കോട്ടൂരിൽ വെച്ച് നടക്കുന്ന ഐ.എച്ച്.എം.എ മലപ്പുറം ജില്ലാ സമ്മേളനമായ നെക്സസ്'26-ൽ വെച്ച് അവാർഡുകൾ സമർപ്പിക്കും. ഹോമിയോപ്പതി മേഖലയിലെ വിവിധ സംഭാവനകൾ പരിഗണിച്ചാണ് എട്ട് പ്രമുഖരെ അവാർഡിനായി തിരഞ്ഞെടുത്തത്.

ഡോ. അബ്ദുൽ ജലീൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനും, ഡോ. മുഹമ്മദ് മുനീർ മികച്ച ഗവൺമെന്റ് ഡോക്ടർ അവാർഡിനും അർഹനായി. മികച്ച പ്രൈവറ്റ് പ്രാക്ടീഷണർ അവാർഡ് ഡോ. സുരേഷ് ബാബുവിനും, എമർജിങ് ഹോമിയോപ്പതി അവാർഡ് ഡോ. ആഷിഖിനും ലഭിച്ചു. ഡോ. സുഹൈൽ ഇ. ഡിജിറ്റൽ ഹോമിയോപ്പതി പ്രൊമോട്ടർ അവാർഡിനും, ഡോ. വിനീത ദേവദാസ് വിമൻ അച്ചീവർ ഇൻ ഹോമിയോപ്പതി പുരസ്കാരത്തിനും അർഹരായി. ഐ.എച്ച്.എം.എ സ്റ്റുഡന്റ് ഐക്കൺ അവാർഡ് റാഷിദ ടി.കെ.എന്നിനും, റിസർച്ച് ഇൻ ഹോമിയോപ്പതി അവാർഡ് ഡോ. ആയിഷ ഇ.കെയ്ക്കുമാണ്. പൂക്കോട്ടൂരിൽ വെച്ച് നടക്കുന്ന വിപുലമായ ഈ സമ്മേളനത്തിൽ സാമൂഹിക ആരോഗ്യമേഖലയിലെ നിരവധി പ്രമുഖർ പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# സോളാർ ഫെൻസുകൾക്ക് ഓൺലൈൻ മോണിറ്ററിങ് പോർട്ടൽ ഒരുക്കി വനം വകുപ്പ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സോളാർ ഫെൻസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനായി ഓൺലൈൻ റിപ്പോർട്ടിങ് സംവിധാനവും മോണിറ്ററിങ് പോർട്ടലും വനം വകുപ്പ് വികസിപ്പിച്ചു.

സംസ്ഥാനത്ത് വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസുകളുടെ പ്രവർത്തനക്ഷമത, അറ്റകുറ്റപ്പണികൾ, പരിശോധനകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത് ഇതുവരെ സമയമെടുക്കുന്നതും ശ്രമകരവുമായ പ്രക്രിയയായിരുന്നു.

ഇത് പരിഹരിക്കുന്നതിനായാണ് പുതിയ ഡിജിറ്റൽ സംവിധാനം സജ്ജമാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഫോറസ്റ്റ് സ്റ്റേഷൻ, സെക്ഷൻ പരിധികളിലുള്ള സോളാർ ഫെൻസുകളുടെ പ്രവർത്തന നില ഓൺലൈൻ പോർട്ടലിലൂടെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ ഫെൻസുകളുടെ ദൈർഘ്യം, നാശനഷ്ടങ്ങൾ, അറ്റകുറ്റപ്പണികൾ, പരിശോധന രേഖകൾ എന്നിവ ഇതിൽ ഉൾപ്പെടുത്തും. ഫോറസ്റ്റ് സ്റ്റേഷൻ, സെക്ഷൻ തലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന വിവരങ്ങൾ ഓൺലൈൻ മോണിറ്ററിങ് പോർട്ടലിൽ സമാഹരിച്ച് ഡാഷ്ബോർഡിലൂടെ ലഭ്യമാക്കും.

ഓരോ സോളാർ ഫെൻസ് സ്ട്രെച്ചിന്റെയും നിലവിലെ പ്രവർത്തന നില നിരീക്ഷിക്കാനും, അവസാന പരിശോധനയ്ക്ക് ശേഷം 48 മണിക്കൂറിലധികമായി പരിശോധിക്കാത്ത ഭാഗങ്ങൾ കണ്ടെത്താനും ഈ സംവിധാനം സഹായകരമാകും. ഫെൻസുകൾ നിശ്ചിത ഇടവേളകളിൽ പരിശോധിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനും, പ്രവർത്തനരഹിതമായ ഭാഗങ്ങളിൽ ഉടൻ അറ്റകുറ്റപ്പണി ആരംഭിക്കുന്നതിനും പോർട്ടൽ വഴിയൊരുക്കും.

ഒരൊറ്റ ക്ലിക്കിൽ സംസ്ഥാനത്തെ എല്ലാ സോളാർ ഫെൻസുകളുടെയും തത്സമയ പ്രവർത്തന അവലോകനം ലഭ്യമാകുമെന്നതാണ് പുതിയ സംവിധാനത്തിന്റെ പ്രത്യേകതയെന്ന് വനം വകുപ്പ് അറിയിച്ചു.

# ഇൻഫോപാർക്കിൽ പരിസ്ഥിതിദിനം ആചരിച്ചു

**കൊച്ചി:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇൻഫോപാർക്ക് ഫേസ് രണ്ടിലെ പുതിയ നാലുവരിപ്പാതയായ ഇൻഫോപാർക്ക് ബുലവാർഡിന്റെ വശങ്ങളിൽ വൃക്ഷത്തൈകൾ നട്ടു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ഇൻഫോപാർക്ക് ഫേസ് വൺ & ടു പ്രത്യേക സാമ്പത്തിക മേഖലാ സുപ്രണ്ട് (കസ്റ്റംസ്- കൊച്ചിൻ സെസ്) അനൂപ് അരവിന്ദൻ ഐആർഎസ്, എന്നിവർ ടെർമിനാലിയ വൃക്ഷത്തൈകളാണ് നട്ടത്. പുതിയ റോഡിനിരുവശവും ഇതേ വൃക്ഷത്തൈകൾ തന്നെ നടാനാണ് തീരുമാനം. ഇൻഫോപാർക്കിലെ മറ്റ് ഉദ്യോഗസ്ഥരും തൈകൾ നട്ടു. മുൻവർഷങ്ങളിൽ പരിസ്ഥിതി ദിനത്തിൽ നട്ട വൃക്ഷത്തൈകൾ കൂടി ജീവനക്കാർ സന്ദർശിച്ചു.



ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇൻഫോപാർക്ക് ഫേസ് രണ്ടിലെ പുതിയ നാലുവരിപ്പാതയുടെ വശങ്ങളിൽ ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ വൃക്ഷത്തൈ നടുന്നു. ഇൻഫോപാർക്ക് ഫേസ് വൺ & ടു പ്രത്യേക സാമ്പത്തിക മേഖലാ സുപ്രണ്ട് (കസ്റ്റംസ് – കൊച്ചിൻ സെസ് ) അനൂപ് അരവിന്ദൻ ഐആർഎസ്, ഇൻഫോപാർക്ക് ജീവനക്കാർ തുടങ്ങിയവർ സമീപം.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രീ പ്രസ്സ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക് കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. പട്ടികജാതി / പട്ടികവർഗ്ഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമാണ്. ഈ സർട്ടിഫിക്കറ്റുകൾ കെ.ജി.റ്റി.ഇ ഹയറിന് തുല്യമായി ഡിറ്റിപി ഓപ്പറേറ്റർ / പ്രൂഫ് റീഡർ / പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ് / ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അപേക്ഷകർ വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം –695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ– 0471 2474720, 0471 2467728, വെബ്സൈറ്റ് : www.captkerala.com.

# ജില്ലാ റിസോഴ്സ് പേഴ്സൺ അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതിയായ( പി എം എഫ് എം ഇ) ഭാഗമായി ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിൽ 'ജില്ലാ റിസോഴ്സ് പേഴ്സൺ' തസ്തികയിലേക്ക് നിയമനത്തിനായി യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

യോഗ്യത: അംഗീകൃത സർവ്വകലാശാലാ ബിരുദം/ തത്തുല്യം, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന. . താൽപര്യമുള്ളവർ തങ്ങളുടെ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പ്രവൃത്തിപരിചയ രേഖകൾ എന്നിവ സഹിതം ജൂൺ 12-ന് മുമ്പായി ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മുംതാസ് ടവർ, ഗവ. ഗസ്റ്റ് ഹൗസിനു സമീപം, കളപ്പുര, ആലപ്പുഴ എന്ന വിലാസത്തിലോ gmdicalp@gmail.com എന്ന ഇമെയിൽ വിലാസത്തിലോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ:0477-2241272

# വിനോദ വിപണി കീഴടക്കാൻ ഡിഷ് ടിവി

## വി ഇസഡ് വൈ സ്മാർട്ട് ടിവികൾ കേരളത്തിൽ അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര ഡിടിഎച്ച് സേവനദാതാക്കളായ ഡിഷ് ടിവി പുറത്തിറക്കിയ വി ഇസഡ് വൈ സ്മാർട്ട് ടിവികൾ കേരളത്തിൽ അവതരിപ്പിച്ചു.

ടെലിവിഷൻ സംബന്ധമായ മുഴുവൻ സേവനങ്ങളും ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കുകയാണ് വി ഇസഡ് വൈ സ്മാർട്ട് ടിവി അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഡിഷ് ടിവിയുടെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ധോബൽ പറഞ്ഞു.



മുൻനിര ഡിടിഎച്ച് സേവനദാതാക്കളായ ഡിഷ് ടിവി വി ഇസഡ് വൈ സ്മാർട്ട് ടിവികൾ ചലച്ചിത്ര താരം പ്രയാഗ മാർട്ടിൻ അവതരിപ്പിക്കുന്നു. ഡിഷ് ടിവിയുടെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ധോബൽ, ചീഫ് റവന്യൂ ഓഫീസർ സുഖ്പ്രീത് സിംഗ് മറ്റു ഡിഷ് ടിവി പ്രതിനിധികൾ തുടങ്ങിയവർ സമീപം.

പ്രാദേശിക ഉള്ളടക്കത്തിനു പുറമെ ലൈവ് ടെലിവിഷൻ ചാനലുകൾ, ഒടിടി പ്ലാറ്റുഫോമുകൾ, കായിക സംപ്രേക്ഷണം എന്നിവ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാകുന്ന ഇന്റഗ്രേറ്റഡ് എന്റർടൈൻമെന്റ് ഇക്കോസിസ്റ്റം' രീതിയിലാണ് വി ഇസഡ് വൈ സ്മാർട്ട് ടിവികളുടെ രൂപകൽപന. സിനിമകൾക്കും മറ്റു പ്രോഗ്രാമുകൾക്കും തീയറ്റർ അനുഭവം ലഭിക്കുന്നതിനായി പ്രീമിയും ഡിസ്പ്ലേയും ആധുനിക ഓഡിയോ സംവിധാനവുമാണ് സ്മാർട്ട് ടിവിയിലുള്ളത്.

65 ഇഞ്ച് വരെയുള്ള പ്രീമിയം മോഡലുകൾ വിപണിയിൽ ലഭ്യമാകും. കേരളത്തിലെ ഉപഭോക്താക്കൾക്ക് സൗകര്യപ്രദവും തടസരഹിതവുമായ കാഴ്ചാനുഭവം ഇതിലൂടെ ഉറപ്പാക്കാനാകും. പ്രാദേശിക വിനോദ പ്രോഗ്രാമുകളോടൊപ്പം പ്രീമിയം സിനിമാറ്റിക് അനുഭവവും ഒരുപോലെ ആസ്വദിക്കുന്ന കേരളത്തിലെ ഉപഭോക്താക്കൾക്കിടയിൽ വി ഇസഡ് വൈ സ്മാർട്ട് ടിവികൾ ജനപ്രീതി നേടുമെന്ന് ചീഫ് റവന്യൂ ഓഫീസർ സുഖ്പ്രീത് സിംഗ് അഭിപ്രായപ്പെട്ടു.

നിർമിച്ച വി ഇസഡ് വൈ സ്മാർട്ട് ടിവികൾ, ഭാവി വിനോദ വിപണിയെ പുനനർനിർവചിക്കുമെന്നും സുഖ്പ്രീത് സിംഗ് കൂട്ടിച്ചേർത്തു. ഫിഫ ഫുട്ബോൾ ലോകകപ്പ് സമയക്രമത്തെ ഉൾപ്പെടുത്തി 'ഫിഫ ടു ഫിഫ' പ്രത്യേക വിനോദ പ്ലാനും ഡിഷ് ടിവി അവതരിപ്പിച്ചു.

റീചാർജ്, അനുബന്ധ സേവനങ്ങൾ എന്നിവയ്ക്ക് താത്കാലിക തടസം നേരിടുന്ന സമയത്ത് പ്രധാന കായിക മത്സരങ്ങൾ നഷ്ടമാകാതിരിക്കാനുള്ള 'സ്പോർട്സ് ഓൾവേസ്-ഓൺ' ഫീച്ചറും വി ഇസഡ് വൈ സ്മാർട്ട് ടിവികളിൽ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.

കൊച്ചിയിൽ നടന്ന ചടങ്ങിൽ ഡിഷ് ടിവിയുടെ സിഇഒയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മനോജ് ധോബൽ, ചീഫ് റവന്യൂ ഓഫീസർ സുഖ്പ്രീത് സിംഗ് എന്നിവരാണ് സ്മാർട്ട് ടിവി അവതരിപ്പിച്ചത്.

# മ്യൂച്വൽ ഫണ്ട് നിക്ഷേപക ബോധവൽക്കരണ പരിപാടി

**കൊച്ചി:** ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക വിജയം നേടുന്നതിന് ഏറ്റവും മികച്ച നിക്ഷേപ പദ്ധതികൾ തിരഞ്ഞെടുക്കുന്നതിനേക്കാൾ പ്രധാനം നിക്ഷേപത്തിൽ പുലർത്തുന്ന സ്ഥിരതയാണെന്ന് എസ്ബിഐ മ്യൂച്ചൽ ഫണ്ടിന്റെ നിക്ഷേപക ബോധവൽക്കരണ ക്യാംപയിൻ ചൂണ്ടിക്കാട്ടി. പലപ്പോഴും ഉയർന്ന ലാഭം പ്രതീക്ഷിച്ച് നിരന്തരം ഫണ്ടുകൾ മാറി നിക്ഷേപിക്കുന്ന പ്രവണത നിക്ഷേപകർ കാട്ടാറുണ്ട്. എന്നാൽ ഇതിനേക്കാൾ പ്രധാനം ചെറിയ തുകയാണെങ്കിൽ പോലും മുടങ്ങാതെ ദീർഘകാലം നിക്ഷേപിക്കുന്നതാണ്. വരുമാനം വർദ്ധിക്കുന്നതിനനുസരിച്ച് എസ്ഐപി തുക കൃത്യമായി വർദ്ധിപ്പിക്കുന്ന ലളിതമായ ശീലങ്ങളിലൂടെ വലിയ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും. നിക്ഷേപങ്ങൾ പാതിവഴിയിൽ മുടങ്ങിപ്പോകുന്നതാണ് പലപ്പോഴും സമ്പത്ത് സൃഷ്ടിക്കുന്നതിന് പ്രധാന തടസ്സമായി മാറുന്നത്. പെട്ടെന്നുണ്ടാകുന്ന ചികിത്സാ ചെലവുകളോ മറ്റ് അടിയന്തിര ആവശ്യങ്ങളോ വരുമ്പോൾ ദീർഘകാല നിക്ഷേപങ്ങൾ തെറ്റായ സമയത്ത് പിൻവലിക്കാൻ ആളുകൾ നിർബന്ധിതരാകുന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ഒരു എമർജൻസി ഫണ്ട് പ്രത്യേകം സൂക്ഷിക്കേണ്ടത് അനിവാര്യമാണെന്നും ക്യാംപയിൻ ചൂണ്ടിക്കാട്ടുന്നു.

# വർമ്മ സ്കിൽബ്രിഡ്ജ് ട്രെയിനിംഗ് പ്രോഗ്രാം: സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു



**കൊച്ചി:** കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസും കളമശ്ശേരി എസ് സി എം എസ് ഗ്രൂപ്പും സംയുക്തമായി എസ് സി എം എസ് സ്കൂൾ ഓഫ് എൻജിനിയറിംഗ് ആന്റ് ടെക്നോളജിയുടെ നേതൃത്വത്തിൽ സിവിൽ എൻജിനിയറിംഗ് പ്രൊഫഷണലുകൾക്കായി സംഘടിപ്പിച്ച വർമ്മ സ്കിൽബ്രിഡ്ജ് ട്രെയിനിംഗ് പ്രോഗ്രാം പൂർത്തീകരിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

ഹൈബി ഈഡൻ എം പി സർട്ടിഫിക്കറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു. തെരഞ്ഞെടുക്കപ്പെട്ട സിവിൽ എൻജിനിയറിംഗ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും വിതരണം ചെയ്തു.

വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ,എസ് സി എം എസ് വൈസ് ചെയർമാൻ ഡോ. രാധാ പി തേവന്നൂർ, എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. പ്രവീൺസാൽ സി ജെ, എസ് സി എം എസ് സ്കൂൾ ഓഫ് എൻജിനിയറിംഗ് ആന്റ് ടെക്നോളജി പ്രിൻസിപ്പാൾ ഡോ. അനിത ജി പിള്ള, എസ് സി എം എസ് ഡയറക്ടർ പ്രതീക് നായർ, വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ, വൈസ് പ്രസിഡന്റുമാരായ ആരതി വർമ്മ, വൈശാഖ് വർമ്മ, ചീഫ് ടെക്നിക്കൽ ഓഫിസർ ഷാജൻ രാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

